പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4725

26.10.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി തിരിച്ചറിയൽ കാർഡ്, ഹെൽത്ത് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി തിരിച്ചറിയൽ കാർഡ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നു |
| (ബി) ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ഇടങ്ങളിലെ തൊഴിൽദായകരും താമസസൗകര്യം ഒരുക്കിക്കൊടുക്കുന്നവരും കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (ബി) അഞ്ചും അതിൽ കൂടുതലും തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലി എടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേതാണ്. ഈ സാഹചര്യത്തിൽ ടി നിയമപ്രകാരം കരാറുകാരനും തൊഴിലുടമയും ടി തൊഴിലാളികളുടെ പേരുവിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേതാണെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് മുന്നോടിയായി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ